12444
9/6/17

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - എടവക ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ.സി. സുകുമാരനെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1809/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 01.06.2017

================================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 14.08.2014-ലെ E11(എസ് സി 35/2013/WYD)35922/13 നമ്പർ കത്ത്

2. സർക്കാരിന്റെ 20.04.2015-ലെ 77433/ഇപിബി3/14/തസ്വഭവ നമ്പർ കുറ്റപത്രം
3. കുറ്റപത്രത്തിന് ശ്രീ. കെ.സി. സുകുമാരൻ സമർപ്പിച്ച 30.06.2015-ലെ പ്രതിവാദ പത്രിക
4. പഞ്ചായത്ത് ഡയറക്ടറുടെ 27.4.2016-ലെ ഡി1-13751/15 നമ്പർ കത്ത്

**ഉത്തരവ്**

വയനാട് ജില്ലയിലെ എടവക ഗ്രാമപഞ്ചായത്തിൽ എം.ജി.എൻ.ആർ.ഇ.ജി.പി. പദ്ധതിയുമായി ബന്ധപ്പെട്ട് സാധനങ്ങൾ വാങ്ങിയത് സംബന്ധിച്ച സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ടി ഗ്രാമപഞ്ചായത്തിൽ നടത്തിയ പരിശോധനയിൽ എടവക ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വാങ്ങിയ 460 ജോഡി ഗംബൂട്ട്സും ഗ്ലൗസും സി.ഡി.എസ്. ചെയർപേഴ്സണ് കൈമാറിയതിൽ, സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 8 ജോഡി ഗംബൂട്ടിന്റെയും 54 ജോഡി ഗ്ലൗസിന്റെയും കുറവ് വന്നിട്ടുണ്ടെന്നും എം.ആർ.പി. നിരക്കിനേക്കാൾ കൂടിയ നിരക്കിൽ പ്രസ്തുത സാധനങ്ങൾ വാങ്ങിയതിനാൽ 20,240/- രൂപ അധികമായി ചെലവായിട്ടുണ്ടെന്നും, കയർ ഭൂവസ്ത്രം വാങ്ങിയതിൽ 84.5 $m^2$ അളവിന്റെ കുറവ് വന്നതിനാൽ 75308.80/- രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ വീഴ്ചകൾക്കുത്തരവാദിയായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ.സി. സുകുമാരനിൽ നിന്നും പഞ്ചായത്തിനു നഷ്ടം സംഭവിച്ച തുകയായ 75,308.80/- രൂപ ഈടാക്കാനും ടിയാനെതിരെ കഠിനശിക്ഷയുള്ള അച്ചടക്ക നടപടി സ്വീകരിക്കാനും ശുപാർശ ചെയ്തുകൊണ്ട് പരാമർശം (1) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കി.

മേൽ ശുപാർശയുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ.സി. സുകുമാരന് പരാമർശം (2) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ടിയാൻ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ പ്രതിവാദ പത്രികയിൽ എടവക ഗ്രാമപഞ്ചായത്തിൽ 10.09.2012-ലെ മീറ്റിംഗ് പ്രകാരം 2012-13 വർഷത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള മെറ്റീരിയൽസ് ടെണ്ടർ ചെയ്തു വാങ്ങി കുടുംബശ്രീ ചെയർപേഴ്സണ് കൈമാറുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും അപ്രകാരം 18.10.2012-ൽ ദർഘാസ് പരസ്യം നൽകി സാധനങ്ങൾ വാങ്ങിയെന്നും മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ഗംബൂട്ടുകളും കൈയ്യുറകളും വാങ്ങി നൽകുന്നതിന് റൂറൽ ഡെവലപ്മെന്റ് കമ്മീഷണറുടെ 07.10.2008-ലെ 3850/എൻ.ആർ.ഇ.ജി സെൽ/08/സിആർഡി നമ്പർ സർക്കുലർ പ്രകാരം അനുമതി നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് മേൽ നടപടി സ്വീകരിച്ചതെന്നും മേൽ

ആവശ്യത്തിനായി വാങ്ങിയ സാധനങ്ങൾ ഗംബൂട്ട് കാൽമുട്ട് വരെയുള്ളത് 460 എണ്ണവും ഗ്ലൗസ് (ഗ്വാളിയർ കമ്പനി) 460 എണ്ണവും സിഡിഎസ് മുഖാന്തിരം കൈപ്പറ്റിയതായി സിഡിഎസ് ചെയർപേഴ്സൺ എഴുതി ഒപ്പിട്ട നൽകിയിട്ടുണ്ടെന്നും ആയതിനുശേഷം 23.11.2013-ൽ കുടുംബശ്രീ ചെയർപേഴ്സൺ, എടവണ്ണ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ കത്തിൽ 8 ജോഡി ഷൂസും 54 ജോഡി ഗ്ലൗസും കുറവാണെന്ന് അറിയിച്ചതായും ഇക്കാര്യം പഞ്ചായത്ത് സെക്രട്ടറി ഡിസ്ട്രിബ്യൂട്ടറെ അറിയിച്ചിട്ടുണ്ടെന്നും കുറവ് വന്ന തുകയായ 33,059/- രൂപ ടി അന്വേഷണ റിപ്പോർട്ടിന്റെ നിർദ്ദേശാനുസരണം ശ്രീ. അബ്ദുള്ളക്കുട്ടി, M/s Crown Agency 18.03.2016-ൽ തിരിച്ചടച്ചിട്ടുണ്ടെന്നും, കയർമാറ്റുമായി ബന്ധപ്പെട്ട വിഷയം തന്റെ സേവനകാലയളവിൽ ആയിരുന്നില്ലായെന്നും ടിയാൻ ബോധിപ്പിച്ചു.

ശ്രീ. കെ.സി. സുകുമാരൻ സമർപ്പിച്ച പ്രതിവാദ പത്രികകളിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ഗംബൂട്ടുകളും കൈയ്യുറകളും വാങ്ങി നൽകുന്നതിന് റൂറൽ ഡെവലപ്പ്മെന്റ് കമ്മീഷണറുടെ 07.10.2008-ലെ 3850/NREG Cell/08/CRD നമ്പർ സർക്കുലർ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. അതനുസരിച്ച് 460 ജോഡി ഗംബൂട്ടുകളും കൈയ്യുറകളും വാങ്ങുന്നതിന് 18.10.2012-ൽ എ 7-486/12 പ്രകാരം ടെണ്ടർ ക്ഷണിക്കുകയുണ്ടായി. ആയതുപ്രകാരം City max footwear, Mananthavady, Crown Agencies Mananthavady എന്നിവർ ടെണ്ടർ സമർപ്പിച്ചിട്ടുണ്ട്.
2. ഇതിൽ, കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ക്രൗൺ ഏജൻസിയുടെ ടെണ്ടർ അംഗീകരിക്കുകയുണ്ടായി. ഗംബൂട്ടിന് ജോഡിയ്ക്ക് 360.35 രൂപയും ഗ്ലൗസിന് ജോഡിയ്ക്ക് 184 രൂപയും രേഖപ്പെടുത്തിയ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്.
3. മേൽ പറഞ്ഞവയുടെ നിരക്കുകൾ പ്രൊക്യുയർമെന്റ് കമ്മിറ്റി അംഗീകരിക്കുകയുണ്ടായി. പിന്നീട് പഞ്ചായത്ത് ഭരണസമിതിയും അംഗീകാരം നൽകുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത സാധനങ്ങൾ വിതരണം ചെയ്ത ഏജൻസിയുമായി ഉണ്ടാക്കിയ കരാറിന്റെയും ടെണ്ടർ വ്യവസ്ഥകളുടേയും അടിസ്ഥാനത്തിലാണ് പേയ്മെന്റ് നടത്തിയിട്ടുള്ളത്.
4. 460 ജോഡി ഗംബൂട്ടുകളും 460 ജോഡി കൈയ്യുറകളും കൈപ്പറ്റിയതായി സിഡിഎസ് ചെയർപേഴ്സൺ റസീപ്റ്റ് നൽകിയിട്ടുണ്ട്.
5. വ്യവസ്ഥകൾക്ക് വിധേയമായി പ്രസ്തുത സാധനങ്ങൾക്കുള്ള ബിൽ തുക ഏജൻസിയ്ക്ക് നൽകുകയുണ്ടായി. എന്നാൽ 23.11.2012-ന് ടി ഏജൻസി വിതരണം ചെയ്ത ഗംബൂട്ടിന്റെയും ഗ്ലൗസിന്റെയും കെട്ടുകൾ തുറന്നു നോക്കിയപ്പോൾ 54 ജോഡി ഷൂസിന്റെയും 8 ജോഡി ഗ്ലൗസിന്റെയും കുറവുള്ളതായി സിഡിഎസ് ചെയർപേഴ്സൺ പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുള്ളതാണ്.
6. മേൽ കാര്യം രേഖാമൂലം 23.11.2013-ന് ഏജൻസിയെ സെക്രട്ടറി അറിയിച്ചിട്ടുള്ളതായി കാണുന്നു. ടെണ്ടറർ ശ്രീ. അബ്ദുള്ള, വാഴയിൽ ക്രൗൺ ഏജൻസീസ്, മാനന്തവാടി നോട്ടീസിന് മറുപടിയായി മേൽ പ്രകാരം വിതരണം ചെയ്ത സാധനങ്ങൾ എണ്ണിനോക്കുകയും പരിശോധിക്കുകയും ചെയ്തതിനുശേഷമാണ് സെക്രട്ടറി കൈപ്പറ്റിയിട്ടുള്ളത് എന്നും ആയതിനാൽ ഇക്കാര്യത്തിൽ ടി ഏജൻസിയ്ക്ക് ഉത്തരവാദിത്തമില്ല എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ 460 ജോഡി ഗംബൂട്ടുകളും 460 ജോഡി കൈയ്യുറകളും സെക്രട്ടറിയിൽ നിന്നും കൈപ്പറ്റിയതായി സി.ഡി.എസ്. ചെയർപേഴ്സൺ റസീപ്റ്റ് നൽകിയിട്ടുമുണ്ട്. കയർമാറ്റിന്റെ സ്റ്റോക്കിൽ കുറവ് വന്നിട്ടുള്ള തുക 42,250/- രൂപ ഒഴികെ 33,059/- രൂപ തിരിച്ചടച്ചിട്ടുണ്ട്. കയർമാറ്റ് വാങ്ങിയതും വിതരണം ചെയ്തതും എടവക ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറിയായിരുന്ന ശ്രീ. അശോകൻ ആയതിനാലും നിലവിലെ സെക്രട്ടറി ശ്രീ. സുകുമാരന് ചാർജ്ജ് ഏൽപ്പിക്കുകയുണ്ടായിട്ടില്ല എന്നതിനാലും ടിയാനിൽ നിന്ന് ഈടാക്കുവാൻ നിർദ്ദേശിച്ച 75,308.80 രൂപയിൽ 42,250/- രൂപ ഈടാക്കുവാൻ ബാക്കിയുള്ളതായി കാണുന്നു.

ശ്രീ. സുകുമാരന്റെ അഭ്യർത്ഥന പ്രകാരം ടിയാനെ തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി നേരിൽ കേട്ട വേളയിൽ ടിയാൻ ചുവടെപ്പറയുന്ന വസ്തുതകൾ ബോദ്ധ്യപ്പെടുകയുണ്ടായി.

1. നഷ്ടം സംഭവിച്ച തുകയുടെ വിഷയത്തിൽ 42,250/- രൂപ ടിയാന്റെ ഉദ്യോഗസ്ഥ സേവനകാലയളവിൽ സംഭവിച്ചതല്ല എന്ന് പഞ്ചായത്ത് ഡയറക്ടറും ബോധ്യപ്പെട്ടത്തിയിട്ടുണ്ട്. ഇതിന് ടിയാൻ ഉത്തരവാദിയല്ല. ആയതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനോട് പഞ്ചായത്ത് ഡയറക്ടർ വിശദീകരണം ചോദിക്കേണ്ടതാണ്.
2. ബാക്കി തുകയായ 33,059/- രൂപ ബൂട്ട്സും ഗ്ലൗസും സപ്ലൈ നൽകിയ കമ്പനിയെക്കൊണ്ട് തിരിച്ചടപ്പിച്ചിട്ടുണ്ട്.

എടവണ്ണ കുടുംബശ്രീ ബിഡിഎസ് എണ്ണി ഉറപ്പാക്കിയാണ് സ്വീകരിച്ചത് എന്ന രസീത് ഷൈനി ജോർജ്ജ് നൽകിയതിനുശേഷമാണ് എണ്ണത്തിൽ കുറവ് ഉണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ആദ്യം ഇത് ഉറപ്പാക്കി എടുത്ത ഉദ്യോഗസ്ഥ/ഉദ്യോഗസ്ഥനാണ് ഇതിന് ഉത്തരവാദി. ഈ വിധത്തിൽ സംഭവിച്ചതിന് സപ്ലൈ ചെയ്ത കമ്പനിയെക്കൊണ്ട് കുറവ് വന്ന തുക തിരിച്ചടയ്ക്കുകയുണ്ടായിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ശ്രീ. കെ.സി. സുകുമാരൻ സമർപ്പിച്ച പ്രതിവാദ പത്രികയുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും നേരിൽ കേട്ട വേളയിൽ ടിയാൻ ബോധിപ്പിച്ച വസ്തുതകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചതിൽ ശ്രീ. സുകുമാരനെതിരെ ആരോപിച്ചിട്ടുള്ള കുറ്റങ്ങൾ നിലനിൽക്കുന്നതല്ല എന്ന് കാണുന്നതിനാൽ വയനാട് ജില്ല, എടവക ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ.സി. സുകുമാരനെതിരെയുള്ള അച്ചടക്ക നടപടിയിൽ നിന്ന് ടിയാനെ കുറ്റവിമുക്തനാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫൻ**
ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ. കെ.സി. സുകുമാരൻ, മുൻ സെക്രട്ടറി, എടവക ഗ്രാമപഞ്ചായത്ത്
(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വിജിലൻസ് വകുപ്പ് (യു.ഒ റിമാർക്സ് നം.9264/ഡി1/2016/വിജി. തീയതി 09.12.2016 പ്രകാരം)
7. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.77433/ഇപിബി3/2014/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ